## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നഗരാസൂത്രണത്തിൽ ജനാധിപത്യ സമിതികൾക്ക് പങ്കാളിത്തം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :5435** **28.7.15- ൽ മറുപടി നൽ കേണ്ടത്.**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴക്കൻ<br>,, പാലോട് രവി<br>,, വി.പി.സജീന്ദ്രൻ | | **ശ്രീ.മഞ്ഞളാംകുഴി അലി,<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി** |
| (എ) | നഗരാസൂത്രണത്തിൽ ജനാധിപത്യ സമിതികൾക്ക് പങ്കാളിത്തം വ്യവസ്ഥ ചെയ്യുന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; | (എ) | ജനാധിപത്യ സമിതികളുടെ പങ്കാളിത്തത്തോടെയാണ് സംസ്ഥാനത്ത് നഗരാസൂത്രണ പദ്ധതികൾ (മാസ്റ്റർ പ്ലാനുകൾ, വിശദ നഗരാസൂത്രണ പദ്ധതികൾ എന്നിവ) തയ്യാറാക്കുന്നത്. ഇതിനായി അതത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ Spatial Integration Committee (SIC), Working Groups എന്നിവ രൂപീകരിക്കാറുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | ജനാധിപത്യ സമിതികളുടെ / ജന പങ്കാളിത്തത്തോടെയുള്ള നഗര-ഗ്രാമ പ്രദേശങ്ങളുടെ ആസൂത്രിത വികസനമാണ് ഉദ്ദേശ ലക്ഷ്യം. |

| | | |
|---|---|---|
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്' | (സി) ജനാധിപത്യ സമിതികൾക്കുള്ള പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള നഗര ഗ്രാമാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾ ക്കൊള്ളിച്ചുകൊണ്ട് Kerala Town and Country Planning Ordinance 2015 [No. 19904/leg.C1/2013/Law dated: 10th April 2015 (2015-ലെ ഓർഡിനൻസ് നമ്പർ 6)] 10th April 2015-ലെ 817-)ാം നമ്പർ നോട്ടിഫിക്കേഷൻ വഴി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിൽ അനുശാസിക്കുന്ന രീതിയിൽ തന്നെയാണ് നിലവിൽ സംസ്ഥാനത്ത് നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കി വരുന്നത്. ഇത് വിശദമാക്കിക്കൊണ്ട് (SIC യുടെ രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്കാളിത്തം, തല്പരകക്ഷികളുടെ അഭിപ്രായ ശേഖരണം, വികസന സെമിനാറുകൾ, സാങ്കേതിക പരിശീലനങ്ങൾ എന്നിവ) ജി.ഒ.(എം.എസ്) നമ്പർ. 2766/2009/എൽ.എസ്.ജി.ഡി തീയതി: 24/10/2009 എന്ന ഉത്തരവിറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ